اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 0494 2400530, 2400749

website: www.sksbv.in, Email: sksbvstate@gmail.com

Circular No: SBV 27/2022-2023

*സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്നു ജില്ല-റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിഡണ്ട്, സെക്രട്ടറി, എസ്.കെ.എസ്.ബി.വി. ചെയർമാൻ, പ്രസിഡണ്ട്, സെക്രട്ടറി മറ്റു മെമ്പർമാർ എന്നിവരെ അറിയിക്കുന്നത്.*

മാന്യരേ, **السلام عليكم**

ക്ഷേമവും ഐശ്വര്യവും നേരുന്നു.അതിനായി പ്രാർത്ഥിക്കുന്നു.

## ബാല ഇന്ത്യ - 2023

എസ്.കെ.എസ്.ബി.വി. റിപ്പബ്ലിക് ദിനത്തിൽ സംസ്ഥാന വ്യാപകമായി എല്ലാവർഷവും ജനുവരി 26-ന് നടത്തിവരുന്ന **'ബാലഇന്ത്യ'** ഈ വർഷവും **റെയ്ഞ്ച് തലത്തിൽ** വളരെ വിപുലമായി **'സുരക്ഷിതം ഇന്ത്യ ഈ കരങ്ങളിൽ'** എന്ന പ്രമേയത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രത്യേക നിർദ്ദേശങ്ങളും മേപ്പും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

* **26-01-2023 കാലത്ത് 7.00 മണിക്കും 9.30 നുമുള്ളിൽ പരിപാടി സംഘടിപ്പിക്കുക.**
* **പ്രോഗ്രാം:**
* 7.30ന് റാലി, 8.00ന് പതാക ഉയർത്തൽ
* സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ചുണ്ണാമ്പോ മറ്റോ ഉപയോഗിച്ച് കാണാവുന്ന രൂപത്തിൽ ഇന്ത്യയുടെ മേപ്പ് കൃത്യമായി വരക്കുക. (രൂപം മറുപുറം കൊടുത്തിട്ടുണ്ട്)
* മധ്യത്തിൽ ദേശീയ പതാക ഉയർത്താനായി ഒരു കൊടിമരം സ്ഥാപിക്കുക.
* നിശ്ചിത മേപ്പിനകത്ത് ആൺകുട്ടികളെ മാത്രം അണിനിരത്തുക.
* മേപ്പ് വരയ്ക്കുമ്പോൾ ആവശ്യമെങ്കിൽ പരിചയമുള്ളവരുടെ സഹായം തേടാവുന്നതാണ്.
* ആൺകുട്ടികൾ മൊത്തം ഉൾകൊള്ളുന്നതായിരിക്കണം മേപ്പിന്റെ വ്യാസം.
* മേപ്പിൽ അണി നിരക്കുന്ന എല്ലാ വിദ്യാർത്ഥികളും വെള്ള ഷർട്ടും തൊപ്പിയും ധരിച്ചിരിക്കേണ്ടതാണ്
* തുടർന്ന് ദേശീയ പതാക ഉയർത്തുക.
* ദേശ ഭക്തി ഗാനം (സാരെ ജഹാൻസെ അച്ഛാ...) ആലപിക്കുക
* പതാക ഉയർത്തുമ്പോൾ പതാകയെ അനാദരവിന് കാരണമാകുന്ന (ദേശീയ പതാകയോടൊപ്പം മറ്റു പതാകകൾ ഉയർത്തൽ, തല കീഴായി കെട്ടൽ തുടങ്ങി...) ഒന്നും ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുക.
* ശേഷം അവിടെ വെച്ച് പ്രമേയ വിശദീകരണം നടത്തുക.
* തുടർന്ന് മധുരപലഹാരങ്ങൾ നൽകി പരിപാടി മൂന്ന് സ്വലാത്തോടെ അവസാനിപ്പിക്കുക.

### പ്രതിജ്ഞ

ഞാൻ ഒരു മുസ്‌ലിമാണ്. ഞാൻ ഒരു ഇന്ത്യക്കാരനാണ്. സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ് എന്ന് പഠിപ്പിച്ച മതത്തിന്റെ അനുയായി എന്ന നിലയിൽ, എന്റെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വേണ്ടി ഞാൻ പ്രയത്നിക്കും. എല്ലാ ഭാരതീയരെയും ഏകോദര സഹോദരരെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എന്റെ രാജ്യം പുരോഗതിയിലേക്ക് കുതിക്കുകയാണ്. തീർച്ചയായും ഞാൻ അതിൽ ഭാഗവാക്കാവും. വിശ്വാസാചാരങ്ങൾ നിലനിൽത്തിക്കൊണ്ട്, മറ്റു മതസ്ഥരെ ബഹുമാനിച്ചുകൊണ്ട്. ഈ പരമാധികാര റിപ്പബ്ലിക്കിന്റെ സുദിനത്തിൽ ഭീകര, തീവ്രവാദക്കാരിൽ നിന്ന് എന്റെ രാജ്യത്തിന്റെ സുരക്ഷിതത്വത്തിന്ന് വേണ്ടി ഈ കരങ്ങളെ ഉയർത്തി ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

PTO

* റിപ്പബ്ലിക് ദിനാചരണത്തിന്റെ മുന്നോടിയായി **22.1.2023 ന് ഞായറാഴ്ച** യൂണിറ്റുകളിൽ അസംബ്ലി സംഘടിപ്പിച്ച് **''ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകളുടെ പങ്ക്''** എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും ക്വിസ് പോഗ്രാം സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

* ക്വിസ് മത്സരം സംഘടിപ്പിക്കുമ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് വേണ്ടി പോരാടിയ മുസ്‌ലിം നേതാക്കന്മാരെക്കുറിച്ചുള്ള ചോദ്യങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ പ്രധാനമായും ഉൾക്കൊള്ളിക്കേണ്ടതാണ്.

# സമസ്ത കേരള സുന്നി ബാലവേദി ബാല ഇന്ത്യ 2023



## <u>ബാല ഇന്ത്യ റാലി മുദ്രാവാക്യം</u>

എസ്.കെ.എസ്.ബി.വി. സിന്ദാബാദ്
ബാല ഇന്ത്യ സിന്ദാബാദ്
പ്രപിതാക്കളുടെ മണ്ണാം ഇന്ത്യയിൽ
നമ്മൾക്കൊന്നായ് ജീവിച്ചീടാൻ
പാരമ്പര്യം കൈകോർക്കാം
പൈതൃക സംസ്കൃത മീമണ്ണിൽ
മതേതരത്വം വിളയിക്കാൻ
സാഹോദര്യം കാത്തീടാൻ
ബാല ഇന്ത്യയിൽ ഒരുമിക്കാം.
എസ്.കെ.എസ്.ബി.വി. സിന്ദാബാദ്
ബാല ഇന്ത്യ സിന്ദാബാദ്
ഗാന്ധിജി നഹ്റു ആസാദും
സഹോദരരാം അലി മാരും
സഹസ്രങ്ങൾ അതു പോലെ
ജീവൻ നൽകി രക്തം നൽകി
നേടിത്തന്നൊരു സ്വാതന്ത്ര്യത്തെ
കൺമണി പോലെ കാത്തീടാം
ഭീകര തീവ്ര ചിന്തകൾ വേണ്ട
വർഗീയതയും നമുക്ക് വേണ്ട
ഭാരത മണ്ണിൽ സുകൃതം വിളയാൻ
ബാല്യമനസ്സിൽ സൗഹൃദമേകാൻ
ബാല ഇന്ത്യ തീർത്തീടാം.
എസ്.കെ.എസ്.ബി.വി. സിന്ദാബാദ്
ബാല ഇന്ത്യ സിന്ദാബാദ്

---

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാട്സ്ആപ്പ് : **8714608987**

ഇ-മെയിൽ: **sksbvstate@gmail.com**

**ചേളാരി**
**09/01/2023**

SKSBV SAMASTHALAYAM P.O. Thenhipalam PIN - 673 636 CHELARI

**എന്ന്**
**ശാഫി ദാരക (ഒപ്പ്)**
**ജന. സെക്രട്ടറി**
**SKSBV സംസ്ഥാന കമ്മിറ്റി**